LIBRARY ARCHIVES Kerala Legislative Assembly

നദികളെ വിഷവിമുക്തമാക്കുന്നതിനായി പദ്ധതി

154(5601) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളെ വിഷവിമുക്തമാക്കുന്നതിനായി ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

നദികളിലെത്തിച്ചേരുന്ന വ്യാവസായിക മാലിന്യങ്ങൾ, കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം/രാസകീടനാശിനി പ്രയോഗം മൂലമുണ്ടാകുന്ന മലിനീകരണം, മാലിന്യ നിക്ഷേപം തുടങ്ങിയവ നദീജലം വിഷമയമാക്കിത്തീർക്കുന്നു. ഇവ നിയന്ത്രിക്കുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞാൽ നദീജല ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിയും. നദികൾ വിഷവിമുക്തമാക്കുന്നതിന് നദീതടത്തിലാകെ വിവിധ ഇടപെടലുകൾ ആവശ്യമാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദികളിലേയ്ക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചിയാക്കിയിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെയും ജലസേചന വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടിയും ചുവടെ ചേർക്കുന്ന ചെറുനദികൾ ശുചിയാക്കുന്നതിനായി കഴിഞ്ഞിട്ടുണ്ട്.

നദികൾ	ജില്ല
വരട്ടാർ	ആലപ്പുഴ- പത്തനംതിട്ട
കാനാമ്പുഴയാർ	കണ്ണൂർ
കുട്ടമ്പേരൂർ	ആലപ്പുഴ
കിള്ളിയാർ	തിരുവനന്തപുരം
പള്ളിക്കലാർ	കൊല്ലം

കൂടാതെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018-ന്മേലുള്ള ഉത്തരവുപ്രകാരം സംസ്ഥാനത്തെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ കുറഞ്ഞത് കുളിക്കാനുപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കിത്തീർക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനായുള്ള സാങ്കേതിക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി 21 നദീഭാഗങ്ങളുടെയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻപ്ലാൻ അനുസരിച്ചുള്ള DPR സംസ്ഥാനത്തെ 41 എഞ്ചിനീയറിംഗ് കോളേജുകളും ജലസേചന വകുപ്പും ചേർന്ന് തയ്യാറാക്കിക്കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.